# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

06.06.2018-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിട്ട നിയമസഭാ

ചോദ്യം നമ്പർ *90

## ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.യു. ആർ. പ്രദീപ്
ശ്രീ.ജെയിംസ് മാത്യു
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീമതി.പി. അയിഷാ പോറ്റി

(എ) അത്യുല്പാദന ശേഷിയുള്ള കിടാരികളുടെയും തീറ്റപ്പുൽ, കാലിത്തീറ്റ എന്നിവയുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി ക്ഷീരമേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

**ഉത്തരം**

ശ്രീ.കെ രാജു
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അത്യുല്പാദന ശേഷിയുള്ള കറവ പശുക്കളുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പാലുല്പാദന വർദ്ധനവിനായി കറവ പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയായ ഹീഫർ പാർക്ക്, ഒരു ദിവസം മുതൽ 90 ദിവസം വരെ പ്രായമുള്ള കന്നുകുട്ടികളെ ദത്തെടുത്ത് അവയ്ക്ക് ആവശ്യമായ പോഷകാഹാരം നൽകി അത്യുല്പാദന ശേഷിയുള്ള ഉരുക്കളായി വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള കാഫ് അഡോപ്ഷൻ പ്രോഗ്രാം (കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി), സമീകൃത തീറ്റയുടെ ഉപഭോഗം പരമാവധി കുറയ്ക്കുന്നതിന് തീറ്റപ്പുൽകൃഷി പ്രോത്സാഹന പദ്ധതി, ക്ഷീരസഹകരണ സംഘത്തിൽ പാൽ അളക്കുന്ന കർഷകർക്ക് സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1/-രൂപ ക്രമത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബനഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.ടി) പ്രകാരം കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കൂടാതെ ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ ഫീഡ്സ് ലിമിറ്റഡും മിൽമയും കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് കേരളത്തിലുടനീളം വിതരണം ചെയ്തു വരുന്നു. കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് കിടാരികളുടെയും, തീറ്റപ്പുല്ലിന്റെയും ലഭ്യത ഉറപ്പു വരുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ കന്നുകാലി പ്രജനനനയത്തിന് അനുസൃതമായി, ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് ലഭ്യമാക്കൽ. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള, സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി, അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം

| | |
|---|---|
| | ചെയ്യൽ, 2008 ലെ കന്നുകാലി പ്രജനനനയം സമഗ്രമായി പുനരവലോകനം ചെയ്യുകയും, പുതിയ കന്നുകാലി പ്രജനനനയം 2018 ജൂൺ മാസത്തിൽ പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികൾ, പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി, കാനഡയിൽ നിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യൽ. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം തീറ്റപ്പുൽ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകർക്ക് പ്രോൽസാഹനം നൽകുന്നതിനായി വിവിധ പദ്ധതികൾ, എന്നിവയാണ് പ്രസ്തുത പ്രവർത്തനങ്ങൾ<br>കൂടാതെ കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് പതിനാറായിരം (16,000/-) രൂപ വരെ ധനസഹായം, കർഷകർക്ക് പരിശീലനവും നടീൽ വസ്തുക്കളും സൗജന്യമായി നൽകുകയും ചെയ്തുവരുന്നുണ്ട്.<br>സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ വിത്തുകൾ വാങ്ങി, ഗുണപരിശോധനകൾ നടത്തി ക്ഷീരവികസന വകുപ്പ്, പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു വരുന്നു. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത്, ഒരേക്കർ വീതമുള്ള പുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75000/- രൂപാ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകി വരുന്നു.<br>മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലായൂണിയനുകൾ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിച്ച് അവ വഴിയുള്ള പാൽ സംഭരണം വർദ്ധിപ്പിക്കാൻ സാദ്ധ്യമായിട്ടുണ്ടോ; | (ബി) പാൽ സംഭരണം വർദ്ധിപ്പിക്കാൻ സാദ്ധ്യമായിട്ടുണ്ട്. 2016-17-ൽ പ്രതിദിന സംഭരണം 16.27 ലക്ഷം ലിറ്ററിൽ നിന്നും 2017-18-ൽ 18.20 ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് നിലവിലുള്ള ത്രിതല ക്ഷീര സഹകരണമേഖലയെക്കുറിച്ച് പഠിക്കാനായി നിയോഗിച്ച കമ്മിറ്റിയുടെ കണ്ടെത്തലുകളും ശിപാർശകളും എന്തെല്ലാമാണ്; വിവിധ തലങ്ങളിലുള്ള സംഘങ്ങളുടെ ഭരണ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് ജനാധിപത്യപരവും കർഷക പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതുമാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) ത്രിതല ക്ഷീരമേഖലയെ കുറിച്ച് പഠിക്കാനായി നിയോഗിച്ച കമ്മിറ്റിയുടെ കണ്ടെത്തലുകളും ശുപാർശകളും ലഭ്യമായിട്ടുണ്ട്. റിപ്പോർട്ടിലെ നിഗമനങ്ങളും ശുപാർശകളും പഠിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**